പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 569 27/07/2015 - ൽ മറുപടിയ്ക്ക്

**വിദ്യാഭ്യാസ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പൂർണ്ണ മായി കമ്പ്യൂട്ടർവല്ക്കരിച്ച് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെട്ടു ത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നല്കുമോ? | (എ) വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റേയും പൂർണ്ണമായി കമ്പ്യൂട്ടർവല്ക്കരിച്ച് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തു ന്നതിന്റേയും ആദ്യപടിയായി ഗവ: സെക്രട്ടേറിയേറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ 4 സെക്ഷനുകളിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വന്നു കഴിഞ്ഞു. മറ്റു സെക്ഷനുകൾ , ഇ-ഫയലിംഗിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിലും, മേഖലാ ഓഫീസുകളിലും, തൊഴിലധിഷ്ഠിത ഹയർസെക്കന്ററി ഡയറക്ടു റേറ്റിലും ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതിനുശേഷം ഇ- ഫയലിംഗിനുള്ള നടപടികൾ തുടരും . |

തൊഴിലധിഷ്ഠിത ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും പ്രസ്തുത പദ്ധതിയുടെ സോഫ്റ്റ്.വെയർ കമ്പ്യൂട്ടർ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യുകയും സെക്ഷൻ തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-ഫയലിംഗിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

Sreedevi

സെക്ഷൻ ഓഫീസർ